LIBRARY ARCHIVES Kerala Legislative Assembly

കണ്ണപ്പെരുവണ്ണാന്റെ സ്മരണയ്ക്കായി ഫോക്ക്‌ലോർ വില്ലേജ്

69 (2702) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തെയ്യം കലയുടെ കുലപതിയായ നർത്തകരത്നം കണ്ണപ്പെരുവണ്ണാന്റെ സ്മരണ നിലനിർത്തുന്നതിനും തെയ്യം കല പരിപോഷിപ്പിക്കുന്നതിനുമായി അദ്ദേഹത്തിന്റെ ജന്മനാടായ കൊടക്കാട് ഗ്രാമത്തിൽ കഴിഞ്ഞ സർക്കാർ പ്രഖ്യാപിച്ച ഫോക്ക് ലോർ വില്ലേജിന് ആവശ്യമായ സ്ഥലം പതിച്ചു ലഭിക്കുന്നതിനുൾപ്പെടെയുള്ള നടപടികൾ പൂർത്തിയാകാത്തതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

നർത്തകരത്നം കണ്ണപ്പെരുവണ്ണാന്റെ പേരിൽ ഫോക്ക്‌ലോർ വില്ലേജ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ശിപാർശ സർക്കാരിന്റെ പരിഗണനയിലില്ല

ദൃശ്യ-ശ്രവ്യ-പത്ര മാധ്യമങ്ങൾക്ക് പരസ്യയിനത്തിൽ നൽകിയ തുക

70 (2703) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011 ജൂൺ മാസം മുതൽ 2015 മാർച്ച് വരെ ഐ &പി.ആർ.ഡി. വഴി വിവിധ ദൃശ്യ-ശ്രവ്യ-പത്ര മാധ്യമങ്ങൾക്ക് പരസ്യയിനത്തിൽ നൽകിയ തുകയെത്ര ; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ബി) റിലീസ് ചെയ്ത പരസ്യങ്ങൾക്ക് നാളിതുവരെ കൊടുത്തുതീർക്കാനുള്ള തുക എത്രയെന്നും ഇനം തിരിച്ച് കണക്ക് ലഭ്യമാക്കാമോ ;

(സി) പ്രസ്തുത കാലയളവിൽ ഓരോ വർഷവും പരസ്യത്തിലേക്കായി ബഡ്ജറ്റിൽ നീക്കിവച്ച തുക എത്രയെന്നും ചെലവാക്കിയ തുക എത്രയെന്നുമുള്ള കണക്ക് നൽകാമോ ?

ഉത്തരം

(എ) 2011 ജൂൺ മാസംമുതൽ 2015 മാർച്ച് വരെ ഐ.&പി.ആർ.ഡി. വഴി വിവിധ ദൃശ്യ-ശ്രവ്യ-പത്ര മാധ്യമങ്ങൾക്ക് പരസ്യയിനത്തിൽ നൽകിയ തുകയുടെ